# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 മെയ് 28 വ്യാഴം**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

www.prd.kerala.gov.in.
videos: http://www.clipmail.kerala.gov.in
email: diothrissur@gmail.com

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് - 2

## കോവിഡ് 19: ജില്ലയിൽ 7 പുതിയ രോഗബാധിതർ; 10723 പേർ നിരീക്ഷണത്തിൽ

ആദ്യ കോവിഡ് പോസിറ്റീവ് കേസ് സ്ഥിരീകരിച്ചതിനു ശേഷം ജില്ലയിൽ ഒരു ദിവസം ഏറ്റവും കൂടുതൽ രോഗസ്ഥിരീകരണമുണ്ടായ ദിവസമാണ് വ്യാഴാഴ്ച (മെയ് 28). എഴ് പുതിയ പോസിറ്റീവ് കേസുകൾ ജില്ലയിൽ സ്ഥിരീകരിച്ചു. അബുദാബിയിൽ നിന്നെത്തിയ 4 പേർക്കും ദോഹയിൽ നിന്ന് തിരിച്ചെത്തിയ ഒരാൾക്കും മുബൈയിൽ നിന്നും ബംഗളുരുവിൽ നിന്നും തിരിച്ചെത്തിയ ഓരോരുത്തർക്കുമാണ് വ്യാഴാഴ്ച രോഗം സ്ഥിരീകരിച്ചത്. 5 പുരുഷൻമാരും 2 സ്ത്രീകളും ഇതിലുൾപ്പെടുന്നു. അബുദാബിയിൽ നിന്ന് തിരിച്ചെത്തിയ കുന്നംകുളം സ്വദേശി (52), വേലൂപ്പാടം സ്വദേശിനി (55), പുതുക്കാട് സ്വദേശി (34), വരാക്കര സ്വദേശി (42) എന്നിവർക്കും ദോഹയിൽ നിന്ന് തിരിച്ചെത്തിയ അന്നമനട സ്വദേശിക്കും (26) രോഗം സ്ഥിരീകരിച്ചു. മുബൈയിൽ നിന്ന് തിരിച്ചെത്തിയ കോലഴി സ്വദേശി (57), ബംഗളുരുവിൽ നിന്ന് തിരിച്ചെത്തിയ കടവല്ലൂർ സ്വദേശിയായ യുവതി (21) എന്നിവരും രോഗം സ്ഥിരീകരിച്ചരിൽ ഉൾപ്പെടുന്നു.

കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി ജില്ലയിൽ വീടുകളിൽ 10668 പേരും ആശുപത്രികളിൽ 55 പേരും ഉൾപ്പെടെ ആകെ 10723 പേരാണ് നിരീക്ഷണത്തിലുള്ളത്. വ്യാഴാഴ്ച (മെയ് 28) നിരീക്ഷണത്തിന്റെ ഭാഗമായി എട്ട് പേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ആറ് പേരെ ഡിസ്ചാർജ്ജ് ചെയ്തു.

വ്യാഴാഴ്ച (മെയ് 28) അയച്ച 147 സാമ്പിളുകൾ ഉൾപ്പെടെ ഇതു വരെ 2242 സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചു. അതിൽ 1999 സാമ്പിളുകളുടെ ഫലം വന്നിട്ടുണ്ട്. 243 എണ്ണത്തിന്റെ ഫലം ലഭിക്കാനുണ്ട്. വിവിധ മേഖലയിലുള്ള 635 ആളുകളുടെയും സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചു.

397 ഫോൺകോളുകൾ ജില്ലാ കൺട്രോൾ സെല്ലിൽ ലഭിച്ചു. നിരീക്ഷണത്തിലുള്ളവർക്ക് മാനസിക പിന്തുണയേകുന്നതിനായി സൈക്കോ-സോഷ്യൽ കൗൺസിലർമാരുടെ സേവനം തുടരുന്നുണ്ട്. വ്യാഴാഴ്ച (മെയ് 28) 132 പേർക്ക് കൗൺസലിംഗ് നൽകി.

ചരക്ക് വാഹനങ്ങളിലെത്തുന്ന ഡ്രൈവർമാരെയും മറ്റുള്ളവരെയുമടക്കം ശക്തൻ പച്ചക്കറി മാർക്കറ്റിൽ 1268 പേരെയും മത്സ്യചന്തയിൽ 1017 പേരെയും ബസ് സ്റ്റാന്റിലെ പഴവർഗ്ഗങ്ങൾ വിൽക്കുന്ന മാർക്കറ്റിൽ 85 പേരെയും സ്ക്രീൻ ചെയ്തു.

യാത്രക്കാരുമായി വന്ന 18 അന്തർസംസ്ഥാന ബസുകൾ 168 യാത്രക്കാരെ തൃശൂർ ഇൻഡോർ സ്റ്റേഡിയത്തിൽ ഇറക്കി. നിർദ്ദിഷ്ടപ്രദേശങ്ങളിലെ വീടുകളിലും കോവിഡ് നിരീക്ഷണകേന്ദ്രങ്ങളിലുമാക്കാനുള്ള സംവിധാനം ചെയ്തു. റെയിൽവേ സ്റ്റേഷനുകളിലും ബസ് സ്റ്റാൻഡുകളിലുമായി 853 പേരെ സ്ക്രീൻ ചെയ്തു.

ഡെങ്കിപ്പനി തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കോട്ടപ്പുറം മേഖല യിൽ ഉറവിട നശീകരണ പ്രവർത്തനങ്ങൾ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി.

# ജില്ലയിലും മദ്യ വിൽപ്പന ആരംഭിച്ചു

ജില്ലയിൽ ബെവ്ക്യു മൊബൈൽ ആപ്ലിക്കേഷൻ വഴിയുള്ള മദ്യവിൽപ്പന ആരംഭിച്ചു. സർക്കാർ ഉടമസ്ഥതയിലുള്ള 27 ചില്ലറ വിൽപ്പനശാലകൾ വഴിയും സ്വകാര്യ മേഖലയിലെ 79 ബാർ ഹോട്ടലുകൾ വഴിയും 36 ബിയർ ആൻഡ് വൈൻ പാർലറുകൾ വഴിയുമാണ് മദ്യം വിൽക്കുന്നത്. ടോക്കൺ വിവരങ്ങൾ സ്കാൻ ചെയ്യുന്നതിൽ മൊബൈൽ ആപ്ലിക്കേഷൻ ചില കേന്ദ്രങ്ങളിൽ സാങ്കേതിക തകരാറുകൾ കാണിച്ചതിനാൽ ഉപഭോക്താക്കൾക്ക് ലഭിച്ച ക്യു ആർ കോഡ് വിവരങ്ങൾ രേഖപ്പെടുത്തിയാണ് മദ്യവിൽപ്പന നടത്തിയതെന്ന് ഡെപ്യൂട്ടി എക്സൈസ് കമ്മീഷ്ണർ അറിയിച്ചു.

# നിർദ്ദേശം ലംഘിച്ച് എത്തിയ ബസ് പോലീസ് കസ്റ്റഡിയിലെടുത്തു

ഗോവയിൽ നിന്ന് മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ യാത്രക്കാരുമായി എത്തിയ ബസ് പോലീസ് കസ്റ്റഡിയിലെടുത്തു. 25 യാത്രക്കാരുമായി നഗരത്തിലെത്തിയ ശേഷം വിവിധ കേന്ദ്രങ്ങളിൽ ഇവരെ ഇറക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് പോലീസ് ബസ് കസ്റ്റഡിയിലെടുത്തത്. കോവിഡ് മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ യാത്ര ചെയ്ത യാത്രക്കാർക്ക് എതിരെയും പോലീസ് കേസ് എടുത്തു. സിറ്റി പോലീസ് അസി. കമ്മീഷണർ വി കെ രാജുവിന്റെ നിർദ്ദേശപ്രകാരമായിരുന്നു നടപടി.

# എസ് എസ് എൽ സി പരീക്ഷ അവസാനിച്ചു; രണ്ടാംഘട്ട മൂല്യനിർണയം ജൂൺ ഒന്നിന്

ലോക്ഡൗണിന്റെ പശ്ചാത്തലത്തിൽ മാറ്റിവെച്ച ശേഷം മെയ് 26 ന് പുനരാരംഭിച്ച എസ് എസ് എൽ സി പരീക്ഷകൾ വ്യാഴാഴ്ച അവസാനിച്ചു. കെമിസ്ട്രിയായിരുന്നു അവസാന ദിവസത്തെ പരീക്ഷ. ഉച്ചയ്ക്ക് 1.45 ന് ആരംഭിച്ച് 4.30 നാണ് പരീക്ഷ അവസാനിച്ചത്. കോവിഡ് 19 പശ്ചാത്തലത്തിൽ കണക്ക്, ഫിസിക്സ്, കെമിസ്ട്രി എന്നിങ്ങനെ മൂന്ന് പരീക്ഷകളാണ് രണ്ട് മാസക്കാലം നടത്താൻ കഴിയാതെ വന്നത്. അൽപ്പം കാത്തിരിക്കേണ്ടി വന്നെങ്കിലും മൂന്ന് പരീക്ഷകളും എളുപ്പമായതിന്റെ ആശ്വാസത്തിലാണ് വിദ്യാർത്ഥികൾ.

259 പരീക്ഷാ കേന്ദ്രങ്ങളിലായി 35,319 വിദ്യാർത്ഥികളാണ് ജില്ലയിൽ പരീക്ഷ എഴുതിയത്. മാർച്ച് മാസത്തിൽ പൂർത്തിയാക്കിയ ആദ്യഘട്ട പരീക്ഷയുടെ മൂല്യനിർണയ ക്യാമ്പുകൾ മെയ് 18 ന് ആരംഭിച്ചിരുന്നു. സംസ്ഥാനത്ത് ആദ്യമായാണ് പരീക്ഷ പൂർണ്ണമായി അവസാനിക്കുന്നതിന് മുമ്പ് മൂല്യനിർണയം ആരംഭിച്ചത്. മെയ് 26ന് പരീക്ഷകൾ പുനരാരംഭിക്കുന്നതിന് മുന്നോടിയായി മെയ് 22ന് ക്യാമ്പുകൾ വീണ്ടും നിർത്തിവെച്ചിരുന്നു. ഇപ്പോൾ പൂർത്തിയാക്കിയ പരീക്ഷകളുടേതടക്കം മൂല്യനിർണയം ജൂൺ ഒന്നിന് വീണ്ടും ആരംഭിക്കും. ജില്ലയിൽ നാല് മൂല്യനിർണയ ക്യാമ്പുകളാണുള്ളത്. തൃശൂർ ഗവ മോഡൽ ബോയ്സ് സ്കൂൾ, ഗവ മോഡൽ ഗേൾസ് സ്കൂൾ, എസ് എച്ച് സി ജി എച്ച് ചാലക്കുടി, ഗവ മോഡൽ ഗേൾസ് സ്കൂൾ ചാലക്കുടി എന്നിവിടങ്ങളിലാണ് ക്യാമ്പുകൾ. സാമൂഹിക അകലം പാലിച്ചാണ് ക്യാമ്പിൽ അധ്യാപകർക്കായി ഇരിപ്പിടങ്ങൾ സജ്ജീകരിച്ചിരിക്കുന്നത്.

ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം പരീക്ഷകൾ നാളെയാണ് (മെയ് 30) അവസാനിക്കുക. വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും ആരോഗ്യ സുരക്ഷ ഉറപ്പാക്കിയാണ് പരീക്ഷകൾ നടത്തുന്നത്.

***ഫോട്ടോ അടിക്കുറിപ്പ്: തൃശൂർ മോഡൽ ബോയ്സ് സ്കൂളിൽ നിന്നും എസ് എസ് എൽ സി പരീക്ഷ കഴിഞ്ഞിറങ്ങി വരുന്ന വിദ്യാർത്ഥികൾക്ക് സാനിറ്റൈസർ പകർന്ന് നൽകുന്ന അധ്യാപിക***

# ചാലിശ്ശേരി ഗ്രാമപഞ്ചായത്ത് ഹോട്ട്സ്പോട്ട്; ജാഗ്രതാ നിർദേശം നൽകി കടവല്ലൂർ പഞ്ചായത്ത്

തൃശൂർ - പാലക്കാട് ജില്ലാ അതിർത്തിയിലെ ചാലിശ്ശേരി ഗ്രാമപഞ്ചായത്ത് ഹോട്ട്സ്പോട്ടായി മാറിയതിനാൽ കടവല്ലൂർ പഞ്ചായത്തിലെ ജനങ്ങൾക്ക് ജാഗ്രതാ നിർദേശം നൽകി ഗ്രാമപഞ്ചായത്തും പെരുമ്പിലാവ് പി എച്ച് സിയും. പാലക്കാട് ജില്ലയിൽ നിരോധനാജ്ഞ നിലനിൽക്കുന്നതിനാൽ ജില്ലാ അതിർത്തി കടന്നുള്ള ദൈനംദിന യാത്രകൾ ഒഴിവാക്കണമെന്നും ഇരു പഞ്ചായത്തുകളിലെയും ആരോഗ്യ വിഭാഗങ്ങൾ മുന്നറിയിപ്പു നൽകി. രണ്ടു പഞ്ചായത്തുകളിലും വിവിധ പ്രദേശങ്ങളിൽ ജോലി ചെയ്യുന്ന ജനങ്ങളോട് പോക്കുവരവുകൾ തൽകാലം നിർത്തണമെന്നും അധികൃതർ വ്യക്തമാക്കിയിട്ടുണ്ട്.

ഇരു പഞ്ചായത്തുകളിലും കച്ചവട സ്ഥാപനങ്ങൾ നടത്തുന്നവർ, സ്ഥിരമായി ജോലി ചെയ്യുന്നവർ, നിത്യേന പോക്കുവരവുള്ളവർ എന്നിവർക്കാണ് പ്രത്യേക നിർദ്ദേശങ്ങൾ നൽകിയിരിക്കുന്നതെന്ന് പെരുമ്പിലാവ് പി എച്ച് സി അറിയിച്ചു. എന്നാൽ നിരോധാജ്ഞ നിലനിൽക്കുന്ന ചാലിശ്ശേരി പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആരോഗ്യ വകുപ്പ്, ജനമൈത്രി പോലീസ് എന്നിവർ ഉച്ചഭാഷിണിയിലൂടെ മുന്നറിയിപ്പ് നൽകി. അനാവശ്യമായി ജനങ്ങൾ പുറത്തിറങ്ങരുതെന്നും മാസ്കുകൾ ധരിക്കണമെന്നും ആളുകൾ കൂട്ടം കൂടുന്ന സാഹചര്യം ഒഴിവാക്കണമെന്നും കച്ചവട സ്ഥാപനങ്ങൾ വൈകീട്ട് അഞ്ചിന് അടയ്ക്കണമെന്നും നിർദ്ദേശമുണ്ട്. രോഗലക്ഷണമുള്ളവർ വിവരം ആരോഗ്യ വിഭാഗത്തെ അറിയിക്കണം. നിയമങ്ങൾ തെറ്റിക്കുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്നും ചാലിശ്ശേരി ജനമൈത്രി പോലീസ് ഉച്ചഭാഷിണിയിലൂടെ മുന്നറിയിപ്പ നൽകി.

# സുഭിക്ഷകേരളം പദ്ധതി ജില്ലാതല ഉദ്ഘാടനം ജൂൺ അഞ്ചിന്

കോവിഡ് അനന്തര കാർഷിക സ്വയംപര്യാപ്തതയുടെ ഭാഗമായി നടപ്പിലാക്കുന്ന സുഭിക്ഷകേരളം പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം ജൂൺ അഞ്ചിന് രാവിലെ പത്തിന് എസ്.എൻ പുരം പഞ്ചായത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ നിർവഹിക്കും. ഓരോ കൃഷിഭവന്റെയും പരിധിയിൽ സ്വകാര്യ വ്യക്തികൾ, സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ, തുടങ്ങിയവയുടെ കൈവശമുള്ള തരിശുകിടക്കുന്ന പാടങ്ങളിലും പറമ്പുകളിലും കൃഷി ചെയ്യുകയാണ് കൃഷി വകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിവിധ വകുപ്പുകളുമായി ചേർന്ന് നടപ്പിലാക്കുന്ന പദ്ധതിയുടെ മുഖ്യലക്ഷ്യം.

നെല്ല്, ചെറുധാന്യങ്ങൾ, പയറിനങ്ങൾ, കിഴങ്ങ് വർഗ വിളകൾ, വാഴ, പപ്പായ എന്നിവയ്ക്ക് മുൻഗണന നൽകി ഓരോ പ്രദേശത്തിന്റെ കാർഷിക കാലാവസ്ഥയ്ക്ക് ഇണങ്ങുന്നതും വിപണിയിൽ ആവശ്യമുള്ളതുമായ വിളകൾ കൃഷി ചെയ്യാൻ വാർഷിക പദ്ധതികൾ പുനഃക്രമീകരിച്ച് അനുമതി നേടാനാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ നിർദേശം. ജില്ലയിൽ നെല്ല്, വാഴ, പച്ചക്കറി എന്നിവ 250 വീതം ഹെക്ടറിലും കിഴങ്ങ് 150 ഹെക്ടറിലും പയർ 20 ഹെക്ടറിലും ചെറുധാന്യം 10 ഹെക്ടറിലുമടക്കം 930 ഹെക്ടറിൽ തരിശ് കൃഷി ചെയ്യാനാണ് ലക്ഷ്യമിടുന്നത്. തരിശുകൃഷിക്ക് സബ്സിഡി ലഭ്യമാക്കും.

ഇതോടൊപ്പം സംസ്ഥാനത്ത് ഒരു കോടി ഫലവർഗ വിളകളുടെ നടീൽ വസ്തുക്കളുടെ വിതരണം ജൂൺ അഞ്ച് മുതൽ നടത്തും. ജില്ലയിൽ ഏകദേശം 13.51 ലക്ഷം തൈകൾ വിതരണം ചെയ്യും. കൃഷി ഫാമുകൾ, വി.എഫ്.പി.സി.കെ, കാർഷിക സർവകലാശാല, സോഷ്യൽ ഫോറസ്ട്രി, എം.ജി.എൻ.ആർ.ഇ.ജി, അഗ്രോ സർവീസ് സെൻറർ, കാർഷിക കർമ്മസേന, കുടുംബശ്രീ എന്നിവയുടെ നേതൃത്വത്തിലാണ് തൈകൾ ഉൽപാദിപ്പിച്ച് നൽകുന്നത്. തൈകൾ നടീൽ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായും നടപ്പിലാക്കും. ഫിഷറീസ് വകുപ്പ് പടുതാ കുളങ്ങളിലെ മത്സ്യകൃഷി, കരിമീൻ കൃഷി തുടങ്ങിയവയും മൃഗസംരക്ഷണ വകുപ്പ് വിവിധ പദ്ധതികളും നടപ്പിലാക്കും.

പദ്ധതിയുടെ ജില്ലാതല സാങ്കേതിക സമിതി യോഗം എ.ഡി.എം റെജി പി. ജോസഫിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്നു. ജില്ലാ പ്രിൻസിപ്പൽ കൃഷി

ഓഫീസർ കെ. രാധാകൃഷ്ണൻ, കൃഷി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ വി.ആർ. നരേന്ദ്രൻ, നബാർഡ്, കേരള ബാങ്ക് പ്രതിനിധികൾ, മൃഗസംരക്ഷണം, ഡെയറി ഡവലപ്മെൻറ്, ഫിഷറീസ്, ദേശീയ തൊഴിലുറപ്പ് പദ്ധതി, കേരള കാർഷിക സർവകലാശാല പ്രതിനിധികൾ പങ്കെടുത്തു.

## സുഭിക്ഷ കേരളം പദ്ധതി:
## ആശാരിക്കാട് ഗ്രാമീണ സഹകരണ സംഘം കൃഷിയിറക്കി

സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി ആശാരിക്കാട് ഗ്രാമീണ സഹകരണ സംഘം കൃഷിയിറക്കി. ആശാരിക്കാട് ഗ്രാമീണ സഹകരണ സംഘം കണ്ണാറയിൽ 70 സെന്റ് സ്ഥലത്താണ് കൃഷി ആരംഭിച്ചത്. പരിപാടിയുടെ ഉദ്ഘാടനം ഗവ ചീഫ് വിപ്പ് കെ രാജൻ നിർവ്വഹിച്ചു. പഞ്ചായത്തിൽ ഉപയോഗശൂന്യമായി കിടന്നിരുന്ന തരിശുഭൂമിയാണ് കൃഷി യോഗ്യമാക്കിയത്. 27 ഹെക്ടറോളം തരിശുഭൂമി ഇത്തരത്തിൽ സുഭിക്ഷ കേരളം പദ്ധതിക്ക് വിനിയോഗിക്കും. കൂടാതെ എല്ലാ കർഷകരേയും സംയോജിപ്പിച്ച് ഒല്ലൂർ മണ്ഡലത്തിൽ നടന്നു വരുന്ന കാർഷിക സമൃദ്ധി പദ്ധതിക്ക് ആവശ്യമായ തൈകളും കർഷകർക്ക് ആവശ്യമായ സാമ്പത്തിക സഹായവും പഞ്ചായത്ത് നൽകും. ചടങ്ങിൽ പഞ്ചായത്ത് പ്രസിഡന്റ് കെ വി അനിത, സഹകരണ വകുപ്പ് അസിസ്റ്റന്റ് രജിസ്ട്രാർ ഷാലി കെ നാരായണൻ, കർഷക സംഘം ഏരിയാ ജോയിൻ സെക്രട്ടറി ഇ എം വർഗീസ്, ആശാരിക്കാട് ഗ്രാമീണ സഹകരണ സംഘം പ്രസിഡന്റ് കെ എൻ ഗോപാലൻ, സെക്രട്ടറി കെ എസ് റോയി തുടങ്ങിയവർ പങ്കെടുത്തു.

## സുഭിക്ഷ കേരളം : നടീൽ ഉത്സവം നടത്തി

അഷ്ടമിച്ചിറ സർവ്വീസ് സഹകരണ ബാങ്ക് സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി നടീൽ ഉത്സവം നടത്തി. അഡ്വ. വി എസ് സുനിൽ കുമാർ എം എൽ എ നടീൽ ഉത്സവത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. പ്രതിഭ ടൂട്ടോറിയൽ കോളേജിന് സമീപത്തെ അരഏക്കർ തരിശുഭൂമിയിൽ പദ്ധതിയുടെ ഭാഗമായി കൃഷിയിറക്കും. ആദ്യഘട്ടത്തിൽ പയർ, വെണ്ട, കപ്പ തുടങ്ങിയവ കൃഷി ചെയ്യും. കൃഷി ചെയ്തുണ്ടാക്കിയ സാധനങ്ങൾ വിറ്റഴിക്കുന്നതിന് വിപണന കേന്ദ്രമൊരുക്കും. ബാങ്ക് പ്രസിഡന്റ് കെ വി ഡേവിസ്, പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഗൗരി ദാമോദരൻ, ബ്ലോക്ക് പഞ്ചായത്ത് അംഗം ടി പി രവീന്ദ്രൻ, കൃഷി ഓഫീസർ അജിത് കുമാർ, സെക്രട്ടറി എൻ എസ് സനുഷ തുടങ്ങിയവർ പങ്കെടുത്തു.

## ഡാറ്റാ എൻട്രി ഓപ്പറേറ്റർ ഒഴിവ്

ജില്ലാ നിയമ സേവന അതോറിറ്റിയുടെ ഓഫീസിൽ ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. നിയമ സേവനവുമായി ബന്ധപ്പെട്ട വിവരങ്ങൾ ഡാറ്റാ എൻട്രി ചെയ്യുന്നതിനും വെബ് സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിനും ഒരുവർഷത്തെ കരാറടിസ്ഥാനത്തിൽ യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നുമാണ് അപേക്ഷ ക്ഷണിച്ചു. 20,000 രൂപയാണ് ശമ്പളം. ബിരുദധാരിയും ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ടൈപ്പ്റൈറ്റിംഗ് (ഇംഗ്ലീഷ്, മലയാളം) കോഴ്സുകൾ കേരള, കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നും പാസായിട്ടുള്ളവരും ഡാറ്റാ എൻട്രി നടത്തുന്നതിലും ഇന്റർനെറ്റ് ഉപയോഗിക്കുന്നതിലും നല്ല അവഗാഹവും പ്രവൃത്തിപരിചയം ഉള്ളതുമായ ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം. ജൂൺ 12 നകം തൃശൂർ ജില്ലാ നിയമ സേവന അതോറിറ്റി ഓഫീസിൽ ഫോട്ടോ സഹിതമുള്ള ബയോഡാറ്റയും യോഗ്യത തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം നേരിട്ടോ തപാൽ മാർഗമോ അപേക്ഷിക്കണമെന്ന് സെക്രട്ടറി അറിയിച്ചു. വിലാസം: സെക്രട്ടറി, ജില്ലാ നിയമ സേവന അതോറിറ്റി, എ ഡി ആർ ബിൽഡിംഗ്, അയ്യന്തോൾ പി ഒ, തൃശൂർ. ഫോൺ: 0487 2363779.